"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം -മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28എ പ്രകാരമുള്ള അവാർഡ് തുക കക്ഷിയായ ശ്രീ. ഷാജി എം. മാത്യുവിന് അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**G.O.(Rt)No.3020/2025/LSGD തീയതി, തിരുവനന്തപുരം, 20-12-2025**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ.254/2011 നമ്പർ കേസിന്മേലുള്ള 12/06/2014 തീയതിയിലെ വിധിന്യായം.
2. സ.ഉ.(അച്ചടി) നം.32/2019/ധന, തീയതി, 18/03/2019.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 28/10/2025 തീയതിയിലെ കെ16-20184/15 നമ്പർ നടപടിക്രമം.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 18/11/2025 തീയതിയിലെ എസ്1/909/2021/ടിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ സർവ്വേ നം. 1125/5, 1125/6 എന്നിവയിൽ ഉൾപ്പെട്ട 0.40 ആർ വസ്തു, എൽ.എ.സി.189/2006 പ്രകാരം ഏറ്റെടുത്തത് സംബന്ധിച്ച് മുൻഉടമയായ ശ്രീ. ഷാജി എം. മാത്യു പൊന്നുംവില നിയമം 1894, സെക്ഷൻ 28എ നിയമപ്രകാരമുള്ള അപേക്ഷ സമർപ്പിച്ചിരുന്നതിന്മേൽ പരാമർശം(3) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയിട്ടുള്ള അവാർഡ് തുകയായ 44,84,298/- രൂപ (നാല്പത്തിനാല് ലക്ഷത്തി എൺപ്പത്തിനാലായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം(4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി എൽ.എ.സി.189/2006 പ്രകാരം തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ സർവ്വേ നം. 1125/5, 1125/6 എന്നിവയിൽ ഉൾപ്പെട്ടതും ശ്രീ. ഷാജി എം. മാത്യുവിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.40 ആർ വസ്തു ഏറ്റെടുത്തിരുന്നതിന് ശ്രീ. ഷാജി എം. മാത്യു പൊന്നുംവില

നിയമം 1894, സെക്ഷൻ 28എ നിയമപ്രകാരമുള്ള അപേക്ഷ സമർപ്പിച്ചിരുന്നതിന്മേൽ, ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ പരാമർശം(1) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയിട്ടുള്ള അവാർഡ് തുകയായ 44,84,298/- രൂപ (നാല്പത്തിനാല് ലക്ഷത്തി എൺപ്പത്തിനാലായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) 4217-60-800-93 Payment of Compensation in LAR Cases എന്ന ശീർഷകത്തിൽ നിന്നും ശ്രീ. ഷാജി എം. മാത്യു എന്ന കക്ഷിക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

JOINT SECRETARY

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ശ്രീ. ഷാജി എം. മാത്യു, K.P.1/651/B, ബഥേൽ, മുളമൂട്, നാലാഞ്ചിറ പി.ഒ., തിരുവനന്തപുരം. (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).

സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.

ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/402/2025/ത.സ്വ.ഭ.വ.

ഉത്തരവിൻ പ്രകാരം

Signed by
Manikkuttan R
Date: 20-12-2025 16:25:16

സെക്ഷൻ ഓഫീസർ